സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,
തീയതി : 23-5-2009

നം: സി.ബി(1)21347/2009

**സർക്കുലർ നം: 24/2009**

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്തു വരുന്ന കാർഷിക വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സഹകരണസംഘം രജിസ്ട്രാറുടെ 12-11-2008-ലെ 72/(എ)/08 നമ്പർ സർക്കുലർ.
2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-5-2009-നു കൂടിയ ഉന്നത തല യോഗ തീരുമാനം

* * *

സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്തുവരുന്ന കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശനിരക്കിൽ വിതരണം ചെയ്യണമെന്ന സർക്കാരിന്റെ നിർദ്ദേശവും 7% പലിശനിരക്കിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പയ്ക്ക് 2009-2010 സാമ്പത്തിക വർഷം 4% പലിശനിരക്കിലാണ് നബാർഡ് പുനർവായ്പ ലഭ്യമാക്കുന്നതെന്ന സാഹചര്യവും കണക്കിലെടുത്ത് സംസ്ഥാനത്തെ വിവിധ തട്ടുകളിൽ നിലകൊള്ളുന്ന വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് ശതമാന കണക്കിൽ ചുവടെ പറയുംപ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സഹകരണസംഘങ്ങൾ/ബാങ്കുകൾ | ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് | |
|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും | 4.00 | 4.25 |
| 2 | ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും | 5.00 | 5.00 |
| 3 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കർഷകരിൽ നിന്നും | 7.00 | 7.00 |

പഞ്ചായത്ത് തലത്തിൽ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൃഷി വകുപ്പിൻെറ കൂടി സഹകരണത്തോടെ കർഷകരുടെ യോഗം വിളിച്ചുകൂട്ടി കാർഷിക വായ്പാ വിതരണം സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും കർഷകർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതും കൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ലഭ്യമാക്കുന്നതിനും കാർഷിക വായ്പ വിതരണത്തിൽ കൂടുതൽ പുരോഗതിയും നേട്ടവും കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പുതുക്കിയ പലിശനിരക്കിന് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
7. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ /ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ. സംഘങ്ങൾ/ ബാങ്കുകൾ(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
10. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
12. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റൻറ് രജിസ്ട്രാർ(സി.ബി സെക്ഷൻ)